പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2549 — 18.06.2014 ന് മറുപടിയ്ക്ക്.

നരിപ്പറ്റ - ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നാദാപുരം നിയോജക മണ്ഡലത്തിൽ നരിപ്പറ്റ ഗ്രാമ പഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് വരെയായെന്ന് വിശദമാക്കാമോ ; | (എ) എൻ.സി.വി.ടി. നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് പുതുതായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ട് പരിശോധിച്ച് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പ് വരുത്തിയശേഷം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐ. ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഫയലുകളാണ് നിലവിലുള്ളത്? | (ബി) ഇതുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ഐ 4/34176/13 എന്ന ഫയൽ ആണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ